**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടിക്രമം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ് , ശാന്തിനഗർ, തിരുവനന്തപുരം-695001

ഹാജർ : ഇൻപശേഖർ.കെ, ഐ.എ.എസ്

---

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം എംബിബിഎസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് അവരുടെ ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ 3/251/2022/പ്ര.പ.ക** **തീയതി:20/05/2022**

---

പരാമർശം 1.സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2018/ആകുവ തീയതി 06.06.2018.
2.സർക്കാർ ഉത്തരവ് (എം.എസ്) നം. 138/2018/ആകുവ തീയതി 19.07.2018.
3.സർക്കാർ ഉത്തരവ് (എം.എസ്) നം. 169/2018/ആകുവ തീയതി 19.08.2018
4.സർക്കാർ ഉത്തരവ് (എം എസ് ) നം. 40/2018/ആകുവ തീയതി 09.04.2018
5.സർക്കാർ ഉത്തരവ് (ആർടി ) നം.2089/2017/ആകുവ തീയതി 25.07.2017
6.ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ 3/2378/2018/പ്രപക
7.ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ 3/251/2022/പ്രപക
8) 23/07/2020-ലെ WP(C)No.7771/2018 & connected case -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
9) 27/01/2021-ലെ WP(C)No.25475 &26683/2020 -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
10) 13.01.2022-ലെ സർക്കാർ കത്ത് നമ്പർ എസ്3/423/2021-ആരോഗ്യം.
11) 26.04.2022-ലെ കേരള ആരോഗ്യ സർവ്വകലാ ശാലാ രജിസ്ട്രാറുടെ കത്ത് നമ്പർ 2021/8690/ബി3/എക്സ്.മെഡ്/കെ.യു.എച്ച്.എസ്

**ഉത്തരവ്**

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം 1,2,3 ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (8) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിരുന്നു. പരാമർശം (9) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2017-18 അധ്യയന വർഷത്തിൽ സംസ്ഥാത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അർഹത പരിശോധിച്ച് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിക്കുകയും, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ നിന്നുള്ള ടിയാന്മാരുടെ പരീക്ഷാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ തുടർ വർഷങ്ങളിലെ സ്കോളർഷിപ്പ് പരാമർശം (6), (7) ഉത്തരവുകൾ പ്രകാരം അനുവദിക്കുകയും ട്യൂഷൻ ഫീസിന്റെ 90% തുക കോർപ്പസ് ഫണ്ടിൽ നിന്നും സ്കോളർഷിപ്പായി വിതരണം ചെയ്തിട്ടുള്ളതുമാകുന്നു. തുടർന്ന് ഒന്നാം വർഷ / രണ്ടാം വർഷ സ്കോളർഷിപ്പുകൾ ലഭിച്ച വിദ്യാർഥികളുടെ തുടർ വർഷങ്ങളിലെ പരീക്ഷാ ഫലങ്ങൾ പരാമർശം (11) പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാ

ശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. സൂചന (10) സർക്കാർ കത്ത് പ്രകാരം സൂചന (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് എംബിബിഎസ് കോഴ്സ്-ന്റെ മുഴുവൻ കാലാവധിയിലേക്കും (ഹൌസ് സർജൻസി കാലാവധി ഒഴികെ) സ്കോളർഷിപ്പ് അനുവദനീയമാണെന്നും വിദ്യാർഥികൾക്ക് അഞ്ചാം വർഷം സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2017-18 അധ്യയന വർഷം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിക്കുകയും ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്ത ചുവടെപ്പറയുന്ന വിദ്യാർഥികൾക്ക് പരാമർശം (4), (5) സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച ട്യൂഷൻ ഫീസിന്റെ 90% തുക ബിപിഎൽ സ്കോളർഷിപ്പായി തുടർ വർഷങ്ങളിലേക്ക് അനുവദിച്ച് ഉത്തരവാകുന്നു. വിദ്യാർത്ഥികളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു.

## Annexure

| Sl.No. | Sl.No. in the Register | Roll.No | Name of Students | Name of College | Tuition Fee approved by AFRC | BPL Scholarship (90% of Tuition Fee) |
|---|---|---|---|---|---|---|
| 1 | 74 | 225430 | Sneha Menon K | Academy of Medical sciences Pariyaram Kannur | 2,50,000/- | 2,25,000/- x 3 =₹6,75,000/- |
| 2 | 99 | 113624 | Sreevishnu J S | Al-Azhar Medical College Thodupuzha | 4,85,000/- | 4,36,500/- x 1 =₹4,36,500/- |

Total - ₹11,11,500/-
(₹Eleven lakh eleven thousand and five hundred only)

പ്രവേശന പരീക്ഷാ കമ്മീഷണർ

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം